# Deepika

## 10 August 2018

## Kozhikode, Widespread Destruction, Landslide, Wayanad Pass

# കോഴിക്കോട്ട് വ്യാപക നാശം, വയനാട് ചുരത്തിലെ ഒമ്പതാം വളവിനടുത്ത് മലയിടിഞ്ഞു

**കോഴിക്കോട്:** കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിൽ വ്യാപകനാശനഷ്ടം. പുതുപ്പാടി പഞ്ചായത്തിലെ കണ്ണപ്പൻകുണ്ട്, തിരുവമ്പാടി പഞ്ചായത്തിലെ മുത്തപ്പൻപുഴ, കൂടരഞ്ഞി പഞ്ചായത്തിലെ പൂവാറൻതോട് എന്നിവിടങ്ങളിലെ വനമേഖലയിലാണ് ബുധനാഴ്ച രാത്രി വൈകി ഉരുൾപൊട്ടിയത്.

കണ്ണപ്പൻകുണ്ടിനു മുകളിൽ മട്ടിക്കുന്ന് എടുത്തവച്ചകല്ല് വനാന്തരത്തിലാണ് ബുധനാഴ്ച രാത്രി ഉരുൾപൊട്ടലുണ്ടായത്. കണ്ണപ്പൻകുണ്ട് അങ്ങാടിയോടു ചേർന്ന മട്ടിക്കുന്ന് റോഡിലേക്ക് പുഴ ഗതിമാറി ഒഴുകി അഞ്ചുവീടുകൾ തകർന്നു.

വയനാട് മലനിരകളോടു ചേർന്ന കിഴുക്കാംതൂക്കായ പ്രദേശമായ മട്ടിക്കുന്നിലെ വനത്തിൽ നിന്നുത്ഭവിച്ച ശക്തമായ മലവെള്ളപ്പാച്ചിലിൽ താഴെ ഭാഗത്തുണ്ടായിരുന്നതെല്ലാം നശിച്ചു.

വയനാട് ചുരത്തിലെ ഒമ്പതാം വളവിനടുത്ത് മലയിടിഞ്ഞതിനെ തുടർന്ന് ബുധനാഴ്ച് രാത്രി 11 മുതൽ ചുരംവഴിയുള്ള ഗതാഗതം പൂർണമായും സ്തംഭിച്ചു.